വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട പോലീസ് മർദ്ദനം

46 (2998) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂലായ് ഒന്നാം തീയതി സംസ്ഥാനത്ത് നടന്ന വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് നടന്ന പോലീസ് മർദ്ദനത്തെക്കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ പോലീസ് മർദ്ദനം നടക്കുകയുണ്ടായി ; ഇതുമായി ബന്ധപ്പെട്ട് എത്ര വിദ്യാർത്ഥികളുടെ പേരിൽ കേസ്സെടുത്തു ; എവിടെയെല്ലാം ;

(ഡി) ഇതിൽ എത്രപേരെ അറസ്റ്റ് ചെയ്തു ; ഏതൊക്കെ വകുപ്പുപ്രകാരമാണ് കേസ്സെടുത്തത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടന്ന വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് പോലീസ് മർദ്ദനം ഉണ്ടായിട്ടില്ല. എന്നാൽ ചില ജില്ലാ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾ അക്രമാസക്തരാകുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്തപ്പോൾ പോലീസ് മിതമായ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കുകയേ ഉണ്ടായിട്ടുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പോലീസ് മർദ്ദനം ഉണ്ടായിട്ടില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ സമരം ചെയ്ത വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുകയും അക്രമാസക്തരാകുകയും ചെയ്തപ്പോൾ പോലീസ് മിതമായ ബലംപ്രയോഗിച്ച് വിദ്യാർത്ഥികളെ അറസ്റ്റു ചെയ്യുകയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് 2181 പേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്.

(ഡി) 280 പേരെ അറസ്റ്റു ചെയ്തു. സെക്ഷൻ 143, 147, 148, 149, 283, 308, 332, 336, 341, 342, 353, 427, 447, 448, 434, ഐ.പി.സി. പ്രകാരവും സെക്ഷൻ 151. സി.ആർ.പി.സി. പ്രകാരവും സെക്ഷൻ 3, 5 എക്സ്പ്ലോസിവ് സബ്സ്റ്റൻസ് ആക്ട് 1908 പ്രകാരവും, സെക്ഷൻ 3(2) സി. 3(2) (ഇ) പി.ഡി.പി.പി. ആക്ട് പ്രകാരവുമാണ് കേസ്സെടുത്തത്.

പി.ഡി.പി. മാർച്ചിലെ അക്രമം സംബന്ധിച്ച കേസ്സുകൾ

47 (2999) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം തലസ്ഥാനത്ത് നടന്ന പി.ഡി.പി. മാർച്ചിലെ അക്രമസംഭവങ്ങളോടനുബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസ്സുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട് ;

(ഡി) ഇവരിൽ എത്രപേരെ പിടികിട്ടാ പ്രതികളായി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. തിരിച്ചറിഞ്ഞ 144 പേരെ അറസ്റ്റ് ചെയ്തു.

(സി) 150-ഓളം പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) ആരെയും പിടികിട്ടാ പ്രതികളായി പ്രഖ്യാപിച്ചിട്ടില്ല.

(ഇ) സെക്ഷൻ 143, 145, 147, 148, 149, 333, 307, 427, 447, 436 ഐ.പി.സി. ആർ/ഡബ്ല്യൂ. സെക്ഷൻ 3(2) (ഇ) ഓഫ് പി.ഡി.പി.പി. ആക്ട് പ്രകാരമാണ്.

അഭിഭാഷകർക്കും പൊതുപ്രവർത്തകർക്കുമെതിരെയുള്ള കേസ്സുകൾ

48 (3000) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഡ്വക്കേറ്റുമാർ, പൊതുപ്രവർത്തകർ, പത്രപ്രവർത്തകർ എന്നിവർക്കു നേരെ പോലീസ് അക്രമം വളർന്നു വരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പാറശ്ശാല മുതൽ കാസർകോട് വരെ എത്ര അഡ്വക്കേറ്റുമാർ, പൊതുപ്രവർത്തകർ, പത്രപ്രവർത്തകർ എന്നിവർക്കു നേരെ പോലീസ് അക്രമം നടത്തിയിട്ടുണ്ട് ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് മുൻ ഡി.ജി.പി.യുടേയും നിലവിലുള്ള ഡി.ജി.പി.യുടേയും കൈയിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ഇ) ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ഡി.ജി.പി.മാർ പ്രസ്തുത പരാതിയിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ജി) അഡ്വക്കേറ്റുമാർക്കെതിരെ നടന്നുവരുന്ന പോലീസ് ആക്രമണം സംബന്ധിച്ച് ഡി.ജി.പി.മാർക്ക് ലഭിച്ച പരാതികൾ കോടതികൾക്ക് റഫർ ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly